ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ 226 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണപദ്ധതിയുടെ കീഴിൽ ഇതിനെ കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരം കിട്ടാൻ അർഹതയില്ല എന്നാണ് അവർ അറിയിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ മറ്റെങ്കിലും ഒരു സ്കീമിൽപ്പെടുത്തി ഇത് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണ് ഇപ്പോൾ ഡിപ്പാർട്ടുമെൻറ് ഉദ്ദേശിക്കുന്നത്.

(38) തിരുവനന്തപുരം (നോർത്ത്) മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. എം. വിജയകുമാർ: സർ, തിരുവനന്തപുരത്ത് ഇന്ന് അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. നഗരത്തിന്റെ ഹൃദയഭാഗത്തുപോലും കുടിവെള്ളം ദിവസങ്ങളായി ലഭിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലാണെങ്കിൽ ഏറെക്കുറെ പൂർണ്ണമായും ശുദ്ധജലക്ഷാമമുണ്ട്. തിരുമല, വട്ടിയൂർക്കാവ് മേഖല മുഴുവനും, പേരൂർക്കട, കുടപ്പനക്കുന്ന് പഞ്ചായത്തിന്റെ മേഖല മുഴുവനും, ഉള്ളൂർ പഞ്ചായത്തിൽപ്പെട്ട നാലാഞ്ചിറ എന്നിവിടങ്ങളിലെല്ലാം അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. നാലാഞ്ചിറ എന്ന സ്ഥലം ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ടറിയാവുന്നതാണ്; അദ്ദേഹം വിദ്യാർത്ഥിയായിരുന്ന കാലം മുതൽ അറിയാവുന്നതാണ്. അവിടെ കഴിഞ്ഞ ആറുമാസക്കാലമായി ഒരു തുള്ളി വെള്ളം പോലും ലഭിക്കുന്നില്ല. അതുപോലെ ഉള്ളൂർ പഞ്ചായത്ത്, ശ്രീകാര്യം, കടകംപള്ളി പഞ്ചായത്ത് എന്നിവിടങ്ങളിൽ ഒന്നുംതന്നെ കുടിവെള്ളം ലഭിക്കുന്നില്ല. എപ്പോഴും പറയുന്നതാണ്, തിരുവനന്തപുരത്ത് ഒരു ഓഗ്മെന്റേഷൻ സ്കീം വരുന്നുണ്ട് എന്ന്. നല്ല കാര്യമാണ്. പക്ഷേ ആ സ്കീം വലിയ കുഴപ്പത്തിലേക്കാണ് പോകുന്നത് എന്ന് നിയമസഭയുടെ അവസാന ദിവസമായ ഇന്ന് ഞാൻ പറയുകയാണ്. ബഹുമാന്യനായ മന്ത്രി ഈ നിയമസഭക്ക് ഉറപ്പ് നൽകിയതാണ്, മാർച്ച് 31-ന് കമ്മീഷൻ ചെയ്യുമെന്ന്. ഇത് മാർച്ച് മാസമാണ്. അവിടെ കോൺട്രാക്ട് കൊടുത്തത് മുതൽ, എല്ലാ പ്രവൃത്തികളിലും വലിയ ക്രമക്കേടുകളുണ്ട്. യോഗ്യതയില്ലാത്ത കോൺട്രാക്ടർമാരും എഞ്ചിനീയർമാരും ചേർന്ന് ഒരു റാക്കറ്റ് ആണ് അവിടെ പണി നടത്തുന്നത്. ഇതാണ് അവസ്ഥയെങ്കിൽ രണ്ടു വർഷക്കാലം കഴിഞ്ഞാലും ആ സ്കീം കമ്മീഷൻ ചെയ്യാൻ പോകുന്നില്ല. ബഹുമാന്യനായ മന്ത്രി മനസ്സിലാക്കണം. അതുകൊണ്ട് ഗൗരവമായി ഈ വിഷയങ്ങളെ സംബന്ധിച്ച് വേഗം അന്വേഷിച്ചു കൊണ്ട് അടിയന്തിര നടപടി സ്വീകരിക്കണം; കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കണം.

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ അദ്ദേഹം പ്രധാനമായിട്ടും പറഞ്ഞത് രണ്ട് കാര്യങ്ങളാണ്. (1) ഉള്ളൂർ, നാലാഞ്ചിറ, കുടപ്പനക്കുന്ന് തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളം കിട്ടാത്തതിനെ സംബന്ധിച്ചാണ്. നമ്മുടെ തലസ്ഥാന നഗരിയെക്കുറിച്ച് പറയുമ്പോൾ തലസ്ഥാന നഗരിക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിച്ച വാട്ടർസപ്ലൈ സ്കീമാണ് സമീപപ്രദേശങ്ങളിലുള്ള പഞ്ചായത്തുകളിലേക്ക് എക്സ്റ്റൻറ് ചെയ്തത്. അത് ശ്രീ. വിജയകുമാറിനുതന്നെ അറിയാം. നാലാഞ്ചിറ വെള്ളം കിട്ടുന്നില്ല എന്നുള്ളതു് വസ്തുതയാണ്; എനിക്ക് നേരിട്ടറിയാം. ആളുകളും ധാരാളമാളുകളും വന്ന് പരാതികളും പറയുകയും ചെയ്തിട്ടുണ്ട്. നമ്മളും അവിടെ ചെയ്യാൻ ഇപ്പോൾ ഉദ്ദേശിക്കുന്ന ഒരു സംഗതി ഞാൻ നേരത്തെ ശ്രീ. എം. എം. ഹസ്സന്റെ സബ്മിഷനു് മറുപടിയായി പറഞ്ഞു. നമുക്ക് ഇവിടെ ആവശ്യമുള്ള കുടിവെള്ളം സപ്ലൈ ചെയ്യാൻ കഴിയുന്നതുമായിട്ട് വളരെ വ്യത്യാസമുണ്ട്. ആവശ്യമുള്ളതിന്റെ 60 ശതമാനം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. സ്വാഭാവികമായിട്ടും 40 ശതമാനത്തിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. അതിനുവേണ്ടിയാണ് ആഗ്മെന്റേഷൻ സ്കീം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്; അദ്ദേഹം ഇവിടെ സൂചിപ്പിച്ച നാലാഞ്ചിറ, ഉള്ളൂർ, കുടപ്പനകുന്ന് തുടങ്ങിയ പ്രദേശങ്ങളിലേക്ക് വാൽവ് അഡ്ജസ്റ്റ് ചെയ്ത് ഏതെങ്കിലും സമയം വച്ച് വെള്ളം കൊടുക്കാൻ കഴിയുമോ എന്നുള്ളതാണ് ഇപ്പോൾ നോക്കിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരം സിസ്റ്റേണിനകത്ത് അതിനുള്ള പ്രായോഗിക വൈഷമ്യങ്ങളാണ് ഉദ്യോഗസ്ഥൻമാർ ചൂണ്ടിക്കാണിക്കുന്നത്. രണ്ടാമത് പറഞ്ഞത് ഓഗ്മെന്റേഷൻ സ്കീമിനെ സംബന്ധിച്ചാണ്. ഓഗ്മെന്റേഷൻ സ്കീം ഈ മാർച്ച് 31-ാം തീയതിക്കു മുൻപ് കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നുണ്ട്. അതനുസരിച്ചാണ് നടപടികളും സ്വീകരിക്കുന്നത് എന്നാണ് ഞാൻ ഈ സഭയിൽ പല പ്രാവശ്യം പറഞ്ഞതാണ്. പക്ഷേ അവിടെ വന്നിരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം ഇപ്പോൾ അവിടെ തീരാനുള്ള പ്രധാനപ്പെട്ട വർക്ക് എന്നു പറയുന്നത് അതിന്റെ ട്രാൻസ്ഫോർമറിന്റേതാണ്. മറ്റൊന്ന് അരുവിക്കരയിൽ നിന്നുള്ള പമ്പിംഗിന്റെ മോട്ടോറും പമ്പുസെറ്റുമാണ്. ഇവിടെ കരാറിനെക്കുറിച്ച് പരാതികളുണ്ടായി. അങ്ങനെ പരാതികളുണ്ടാകുമ്പോൾ എനിക്ക് പ്രത്യേകമായിട്ട് ഒരു നിർദ്ദേശം കൊടുക്കാൻ സാദ്ധ്യമല്ല; ഞാൻ അങ്ങനെ ഉദ്ദേശിക്കുന്നില്ല. അങ്ങനെ പരാതി വന്ന സാഹചര്യത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനറോട് നോക്കാൻ പറഞ്ഞു. അദ്ദേഹം നോക്കിയിട്ട് റിമാർക്സ് വാട്ടർ അതോറിറ്റിക്ക് കൊടുത്തിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനൊരു ഷെഡ്യൂൾ തയ്യാറാക്കി, ആ ഷെഡ്യൂൾ അനുസരിച്ച് ഞാൻ തന്നെ പല പ്രാവശ്യം പോയി റിവ്യൂ നടത്തുകയും ചെയ്തതാണ്. ഇതിന്റെ മെയിനായിട്ടുള്ള ട്രീറ്റുമെന്റ് പ്ലാന്റിന്റെ പണി ഏകദേശം തീർന്നു. അതാണ് ഏറ്റവും പ്രധാനപ്പെട്ട വർക്ക്. അരുവിക്കരയിൽ അത് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. പിന്നെ അവിടെനിന്ന് പേരൂർക്കട വരെ കൊണ്ടുവരേണ്ട പ്രധാനപ്പെട്ട ലൈനിന്റെ പണി വളരെ വേഗതയിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ വാട്ടർ വർക്സിനകത്തുള്ള ഹെഡ് ഓഫീസിനു് അനുബന്ധമായിട്ടുള്ള പമ്പിന്റെ പണി തീർന്നു. അങ്ങനെ പണികളും വളരെ വേഗതയിൽ നടക്കുന്നുണ്ട്. പക്ഷേ കരാറിനെ സംബന്ധിച്ച് ചില ആക്ഷേപങ്ങളും തർക്കങ്ങളും ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ അതൊരു സ്പ്രൂട്ടിനിക്ക് വിധേയമാക്കാതെ ചെയ്യാൻ ഞാൻ തയ്യാറാകാത്തതുകൊണ്ട് വിശദമായ അന്വേഷണം നടത്തി അതിൻമേൽ ഒരു തീരുമാനമെടുക്കാനാണ് ഉദ്യോഗസ്ഥൻമാരോട് പറഞ്ഞിരിക്കുന്നത്. ഉദ്യോഗസ്ഥൻമാർ തമ്മിലുള്ള പകയും വിദ്വേഷവും ഒക്കെ അതിനകത്ത് വന്നു വീഴുന്നുണ്ട്. ഈ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടത്തിൽ ഞാൻ അതിനകത്ത് ഇടപെടാനുദ്ദേശിക്കുന്നില്ല. അതിന്റെ യഥാർത്ഥ രൂപത്തിൽ വർക്ക് നടന്ന്, അത് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(39) കുന്നത്തൂർ താലൂക്കിലെ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കണമെന്ന ആവശ്യം

ശ്രീ. ടി. നാണുമാസ്റ്റർ: സർ, കുന്നത്തൂർ താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ നിലവിലിരിക്കുന്ന കുടിവെള്ളക്ഷാമത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ഈ സഭയിൽതന്നെ നാലഞ്ചുപ്രാവശ്യം ഞാൻ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളതാണ്. കഴിഞ്ഞ മൂന്നുകൊല്ലം മുൻപ് കമ്മീഷൻ ചെയ്യേണ്ടിയിരുന്ന മൂന്നു സ്കീമുകളുണ്ടായിരുന്നു. മൈനാഗപ്പള്ളി, തഴവ, കുന്നത്തൂർ എന്നീ സ്കീമുകൾ മൂന്നുകൊല്ലംമുമ്പ് കമ്മീഷൻ ചെയ്യേണ്ടതായിരുന്നു; കമ്മീഷൻ ചെയ്തില്ല. അതിന്റെ വർക്ക് ഏകദേശമൊക്കെ പൂർത്തിയാക്കിയതേയുള്ളൂ. പറഞ്ഞ സമയത്ത് നടപ്പായില്ല. അടിയന്തിരമായും, ഈ ആഴ്ചതന്നെ, ഈ മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യാനുള്ള നടപടിയുണ്ടാകണം. മറ്റുള്ള പഞ്ചായത്തിൽ കിട്ടിക്കൊണ്ടിരുന്ന കുടിവെള്ളം രണ്ടര മാസമായി ലഭിക്കുന്നില്ല. നിരവധി ആളുകൾ നിവേദനങ്ങൾ നൽകി, ബന്ധപ്പെട്ട ഓഫീസുകളിൽ കയറി ഇറങ്ങുകയും വഴിതടയൽ സമരമുൾപ്പെടെ നിരവധി സമരങ്ങൾ അവിടത്തെ പഞ്ചായത്ത് മെമ്പർമാരും പ്രസിഡന്റുമാരും പൊതുജനങ്ങളുമെല്ലാം നടത്തുകയുമുണ്ടായി. ആ പഞ്ചായത്തിൽ നിലവിലിരുന്ന കുടിവെള്ള സിസ്റ്റം നിർത്തി. ഇപ്പോൾ ജലം ലഭിക്കുന്നില്ല എന്നുള്ളതിനെ സംബന്ധിച്ച് അവർ കൊടുത്തയച്ചിട്ടുള്ള നിവേദനങ്ങളാണ് എന്റെ കയ്യിലുള്ള ഈ കടലാസുകൾ. ഇതുപോലെയുള്ള നിരവധി വിഷമതകൾ അവിടെയുണ്ട്. ഒരു പ്രത്യേകത, കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട തടാകത്തിലെ വെള്ളം കൊല്ലം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ എത്തിക്കുകയും ജനങ്ങൾക്ക് കുടിക്കാൻ ഉപയോഗിക്കുകയും ചെയ്യുമ്പോൾ ശാസ്താംകോട്ട കായലിന് ചുറ്റുമുള്ള പഞ്ചായത്തിലെ ആയിരക്കണക്കിന് ആളുകൾ കുടിവെള്ളത്തിനായി കേഴുകയാണ്. നിരവധി പ്രാവശ്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നിട്ടുള്ളതാണ്. അതിന് അടിയന്തിരമായി പരിഹാരമുണ്ടാക്കണമെന്നാണ് അപേക്ഷിക്കുന്നത്. അവിടെ നടന്നുകൊണ്ടിരിക്കുന്ന ഓൺ ഗോയിംഗ് വർക്സിനു ഒരു എക്സ്റ്റൻഷനുവേണ്ടി നേരത്തെ ആവശ്യപ്പെട്ടിരുന്നു. ആ പഞ്ചായത്തിൽനിന്നും ഏഴ് കിലോമീറ്റർ എക്സ്റ്റൻഷൻ കൊടുത്താൽ ആ പ്രദേശങ്ങളിൽ കുടിവെള്ളത്തിന്റെ പ്രശ്നം പരിഹരിക്കാൻ കഴിയും. അതുപോലെ അറകുറപ്പണികൾ യാതൊന്നുംതന്നെ നടക്കുന്നില്ല. ശൂരനാട് വടക്കേ പഞ്ചായത്തിൽ പുതിയ സ്കീം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. അറകുറപ്പണികൾ തീർക്കുന്നതിന് അടിയന്തിരമായി ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശൂരനാട് സൗത്ത് സ്കീം എം. എൽ. എ. സ്കീമിൽ ഉൾപ്പെടുത്തി എ.എസ്. നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് അതീവ ഗൗരവതരമായ ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly